# പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*420. 27.6.2013 ൽ മറുപടിക്ക്

## കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം

**ചോദ്യം** **മറുപടി**

ശ്രീ. സണ്ണിജോസഫ് :

ശ്രീ.എം.പി.വിൻസെന്റ് :

ശ്രീ.ലൂഡി ലൂയിസ് :

ശ്രീ. എ.റ്റി.ജോർജ്ജ് :

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനമാണ് കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം (CIUP) മുഖേന ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് 2012-13 സാമ്പത്തിക വർഷം മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കണ്ടെത്തുവാനും അവയെ കാലോചിതമായി മെച്ചപ്പെടുത്തുവാനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| സി) | ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; | സി) | 2012-13 വർഷം താഴെപ്പറയുന്ന കോളേജുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>1. ഗവൺമെന്റ് ആർട്സ് &സയൻസ് കോളേജ്, കോഴിക്കോട്,<br>2. ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം.<br>3. ഗവ.കോളേജ്, കാര്യവട്ടം,<br>4. ഗവ. കോളേജ്,ആറ്റിങ്ങൽ, |

5. ഗവ.കോളേജ് , കട്ടപ്പന,
6. ഗവ.കോളേജ് , ചാലക്കുടി,
7. ഗവ.കോളേജ് , കൊഴിഞ്ഞാമ്പാറ,
8. ഗവ.കോളേജ്, മലപ്പുറം,
9. ഗവ.കോളേജ്, തിരൂർ,
10. ഗവ.കോളേജ്, പേരാമ്പ്ര,
11. ഗവ.കോളേജ്, മാനന്തവാടി .
12. ഗവ.വിമൻസ് കോളേജ്, കണ്ണൂർ,

ഡി) കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

ഡി) കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പരിപാടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കോളേജുകളുടേയും , ഹോസ്റ്റലുകളുടേയും , കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ
2. ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ
3. കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ
4. കോളേജുകളുടെ പൈതൃക സംരക്ഷണം
5. ജോബ് ഓറിയന്റഡ് ആഡ് ഓൺ കോഴ്സുകൾ
6. സ്റ്റുഡന്റ്സ് അമിനിറ്റീസ്.

സെക്ഷൻ ഓഫീസർ